ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലെ ഒന്നാംഘട്ടം പഞ്ചായത്തുക ളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി)-(സി) ചോദ്യം ഉദിക്കുന്നില്ല.

34 (430) സാംസ്ക്കാരിക വകുപ്പിന്റെ സഹായധനം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് സഹാ യധനം നല്കാറുള്ളത്;

(ബി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറും നല്കി വരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നുമുതലുള്ള തുക കുടിശ്ശികയായിട്ടുണ്ട്;

(ഡി) കുടിശ്ശിക ഉടനെ കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിൽനിന്നും, അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് കലാകാരപെൻഷൻ പദ്ധതിപ്രകാരവും, അശരണരും രോഗ ബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാപദ്ധതിപ്രകാരവും സഹായധനം നല്കുന്നുണ്ട്. കൂടാതെ, അന്തരിച്ച പി.ജെ. ആന്റണിയുടെ വിധവ മേരി ആന്റണിയ്ക്കും ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വിധവ ശ്രീമതി ശ്രീദേവി ചങ്ങമ്പുഴയ്ക്കും സഹായധനം നല്കിവരുന്നു.

(ബി)-(ഡി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറു മാണ് നല്കിവരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ഇതിന് സാധിച്ചിട്ടില്ല. 1998 ഡിസംബർ മുതൽ മേയ് 99 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് 22.6.99-ൽ അംഗീകരിച്ചു.

35 (431) സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങ ളാണ് നടപ്പുവർഷം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ സാംസ്ക്കാരിക വകു പ്പിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചരിത്ര സ്മാരകങ്ങൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിവ സംരക്ഷിക്കുവാൻ പുതിയ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് സാംസ്ക്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളുടെ സർക്കുലേഷൻ വിപുലീകരിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(എഫ്) സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ അഞ്ചു ഡിപ്പാർട്ടുമെന്റുകളും, 3 ഇൻസ്റ്റിറ്റ്യൂട്ടുകളും ആറ് അക്കാദമികളും ചലച്ചിത്രവികസന കോർപ്പറേഷൻ, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളും അനവധി സ്മാരകങ്ങളും വിദ്യാലയങ്ങളും ഉണ്ട്. ഡിപ്പാർട്ടുമെന്റുകൾക്ക് അവയുടേതായ ചുമതലകളും പരിപാടികളും ഉള്ളതുപോലെ, മറ്റു സ്ഥാപനങ്ങൾക്ക് അവയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരമുള്ള ഭരണസമിതികൾ ആവിഷ്കരിക്കുന്ന പരിപാടികളും, സർക്കാർ ഈ വർഷം പ്രഖ്യാപിച്ച സാംസ്കാരിക നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

(ബി) ഇല്ല.

(സി) പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള ചരിത്രസ്മാരകങ്ങൾ സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് നവീനവും, നൂതനവുമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്. ഇതിലേയ്ക്ക് വിദേശപരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ സേവനം വകുപ്പിന് ലഭ്യമാണ്. സംസ്ഥാനത്തിലങ്ങോളമിങ്ങോളമുള്ള സ്മാരകങ്ങളും പൈതൃകവസ്തുക്കളും കണ്ടെത്തി പലവിഭാഗങ്ങളിലായി തിരിച്ച് സർക്കാർ ഉടമയിലും അല്ലാതെയും അവ സംരക്ഷിച്ച് നാടിന്റെ പൈതൃക സമ്പത്തായി നിലനിർത്തുന്നതിനുള്ള നടപടികളും നിയമ നിർമ്മാണങ്ങളും പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ നിലവിലുള്ള സ്കീമുകൾ ഊർജ്ജിതപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഇ) സാഹിത്യവേദി, ഗ്രന്ഥശാലകൾ, പഞ്ചായത്തുകൾ പ്രസിദ്ധീകരണശാലകൾ, പുസ്തക പ്രദർശന വില്പന മേളകൾ, ഇൻസ്റ്റാൾമെന്റ് പദ്ധതി, സർക്കാർ അർദ്ധസർക്കാർ ജീവനക്കാർക്കുവേണ്ടി ക്രെഡിറ്റ് സെയിൽസ് പദ്ധതി, മേഖലാ വില്പനകേന്ദ്രങ്ങൾ എന്നിവവഴി പ്രസിദ്ധീകരണങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നു.

(എഫ്) ഇപ്പോൾത്തന്നെ താരതമ്യേന കുറഞ്ഞ വിലയ്ക്കാണ് പുസ്തകങ്ങൾ വിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly